**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 886** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ചാവക്കാട് ആരംഭിച്ചിട്ടുള്ള കുഫോസ് സബ് സെന്ററിൽ അനുവദിച്ച കോഴ്സുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ചാവക്കാട് ആരംഭിച്ചിട്ടുള്ള കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) സബ് സെന്ററിൽ അനുവദിച്ച കോഴ്സുകളും, ഓരോ കോഴ്സുകളിലും അഡ്മിഷൻ ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണവും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ചാവക്കാട് ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഓഷ്യൻ ആന്റ് നോളഡ്ജ് സെന്ററിൽ (FOC) താഴെ പറയുന്ന 6 സർട്ടിഫിക്കറ്റ് കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്.

1. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ അക്വേറിയം സെറ്റിംഗ് ആന്റ് മെയിന്റനൻസ് (6 മാസം)

2. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫിഷ് പ്രോസസിംഗ് ആന്റ് വാല്യൂ ആഡഡ് പ്രൊഡക്ട്സ് (6 മാസം)

3. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ മെയന്റനൻസ് ഓഫ് മറൈൻ എഞ്ചിൻസ് (6 മാസം)

4. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് (6 മാസം)

5. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ മൂറിംഗ് ക്രൂ / ലസ്കർ (6 മാസം)

6. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ സീ റെസ്ക്യൂ ഓപ്പൺ വാട്ടർ ആന്റ് ബീച്ച് ലൈഫ് ഗാർഡ് (3 മാസം)

പ്രസ്തുത കോഴ്സുകളിൽ നിലവിൽ വിദ്യാർത്ഥികളാരും അഡ്മിഷൻ നേടിയിട്ടില്ല.

**(ബി)** പ്രസ്തുത സബ് സെന്ററിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ?

**<u>മറുപടി:</u>**

ഈ സബ് സെന്ററിന്റെ വികസനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ ഗൗരവമായി പരിഗണിച്ച് വരുന്നു.

നിലവിലുള്ള കോഴ്സുകൾ പുനർ വിജ്ഞാപനം ചെയ്യാനും, പ്രവേശനം നേടുന്നവരെ കുഫോസിലെ റഗുലർ വിദ്യാർത്ഥികളായി എൻറോൾ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

കുടുംബശ്രീ മിഷൻ, പ്രാദേശിക മത്സ്യത്തൊഴിലാളികൾ എന്നിവർക്കായി ഫിഷ് പ്രോസസിംഗ്, വാല്യൂ ആഡഡ് പ്രോഡക്ട്സ് എന്നിവയിൽ പ്രത്യേക പരിശീലനം

നൽകാൻ ഉദ്ദേശിക്കുന്നു.

പുതിയ ബോട്ട് ഡ്രൈവർ ട്രെയിനിംഗ് പ്രോഗ്രാം ആരംഭിക്കുന്നത് പരിഗണനയിലാണ്.

സെന്റർ സർട്ടിഫിക്കറ്റ് / ലൈസൻസ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രാദേശിക മത്സ്യവിൽപ്പനക്കാർക്ക് FSSAI സർട്ടിഫിക്കറ്റ് / ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**